भारतीय स्टेट बैंक
STATE BANK OF INDIA

# എസ്ബിഐ ഭവന വായ്പകൾക്ക് 0.25 ശതമാനം പലിശ ഇളവ്

കൊച്ചി: എസ്ബിഐ കൈകാര്യം ചെയ്യുന്ന ഭവന വായ്പകൾ ആറു ട്രില്യൺ രൂപ കടന്നു. ഈ നേട്ടം കൈവരിച്ചതിന്റെ ഭാഗമായും ആഘോഷ വേളയോട് അനുബന്ധിച്ചും ബാങ്കിന്റെ ഭവന വായ്പകൾക്ക് 0.25 ശതമാനം ഇളവും അനുവദിച്ചു. 8.40 ശതമാനം മുതലാണ് ഇതനുസരിച്ചുള്ള നിരക്കുകൾ ആരംഭിക്കുന്നത്.

2023 ജനുവരി 31 വരെയുള്ള ഭവന വായ്പകൾക്ക് പ്രോസസ്സിങ് ഫീസിൽ ഇളവും നൽകിയിട്ടുണ്ട്. ടോപ് അപ് വായ്പകൾക്ക് 0.15 ശതമാനവും വസ്തുക്കളുടെ ഈടിൻമേലുള്ള വായ്പകൾക്ക് 0.30 ശതമാനവും ഇളവ് നൽകിയിട്ടുണ്ട്.

കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ ഡിജിറ്റൽ രംഗത്തെ നീക്കങ്ങളാണ് ആറു ട്രില്യൺ രൂപ എന്ന നേട്ടം കൈവരിക്കാൻ സഹായിച്ചതെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ എസ്ബിഐ ചെയർമാൻ ദിനേഷ് ഖാര പറഞ്ഞു.